151

**കേരള സർക്കാർ**

നം.176/ഡി സി.1/18/ തസ്വഭവ

തദ്ദേശ സ്വയം ഭരണ (ഡി സി ) വകുപ്പ്
തിരുവനന്തപുരം,തീയതി 04.05.2018

## സർക്കുലർ

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - സർക്കാർ ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നത് -സംബന്ധിച്ച്.

സൂചന : 1) 5.10.2017 ലെ സ.ഉ ( സാ.ധാ) നം.3214/2017/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്
2) സർക്കാർ ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് 04.04.2018 ന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്

ഗവണ്മെന്റ് സെക്രട്ടറിയേറ്റ്, പബ്ലിക് ഓഫീസ്, വികാസ് ഭവൻ, സ്വരാജ് ഭവൻ, എല്ലാ വകുപ്പുകളുടെയും ഡയറക്ടറേറ്റ്/കമ്മീഷണറേറ്റ്, ജില്ലാകളക്ടറേറ്റുകൾ എന്നിവിടങ്ങളിൽ സർക്കാർ ഓഫീസുകളുടെ ദൈനം ദിന പ്രവർത്തനത്തിന്റെ ഭാഗമായും അല്ലാതെയും നടക്കുന്ന എല്ലാത്തരം ചടങ്ങുകളിലും ഡിസ്പോസിബിൾ വസ്തുക്കൾ ഒഴിവാക്കി പുനരുപയോഗിക്കാൻ കഴിയുന്നതും പുനഃചംക്രമണത്തിനു വിധേയമാക്കുവാൻ കഴിയുന്നതുമായ വസ്തുക്കൾ മാത്രം ഉപയോഗിച്ച് നടപ്പിലാക്കുന്ന തരത്തിൽ ഗ്രീൻ പ്രോട്ടോക്കോൾ ബാധകമാക്കി സൂചന 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ സർക്കാർ ഓഫീസുകളിലും ഗ്രീൻ പ്രോട്ടോക്കോൾ ബാധകമാക്കുന്നതിനും, 2018 ജൂൺ 5 ലോക പരിസ്ഥിതി ദിനത്തിന് മുമ്പായി ഓഫീസുകളിൽ ഗ്രീൻപ്രോട്ടോക്കോൾ പ്രഖ്യാപനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും സൂചന 2 പ്രകാരം തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിന് താഴെപ്പറയുന്ന സമയക്രമവും പ്രവർത്തന നിർദ്ദേശങ്ങളും വകുപ്പ്/ സ്ഥാപന മേധാവികൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

| ക്രമ നം. | പ്രവർത്തനം | കാലഗണന | ഉത്തരവാദിത്തം |
|---|---|---|---|
| 1 | ഓരോ സ്ഥാപന മേധാവിയുടെയും അധ്യക്ഷതയിൽ എല്ലാ വിഭാഗം ജീവനക്കാരെയും പങ്കെടുപ്പിച്ചു കൊണ്ടുള്ള യോഗം | 2018 മെയ് 9 | സ്ഥാപന മേധാവി |
| 2 | ഗ്രീൻ പ്രോട്ടോക്കോൾ കമ്മറ്റി രൂപീകരണവും നോഡൽ ഓഫീസറെ നിയോഗിക്കലും (എല്ലാ ഓഫീസുകളിലും) | 2018 മെയ് 10 | സ്ഥാപന മേധാവി |

| ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനാവശ്യമായ പ്രവൃത്തികൾ | | | |
|---|---|---|---|
| 3 | അഴുകുന്നതും അഴുകാത്തതുമായ മാലിന്യം ശേഖരിക്കാനായി പ്രത്യേകം ബിന്നുകൾ സ്ഥാപിക്കൽ (അതാത് സ്ഥാപനങ്ങളിൽ) | 2018 മെയ് 11 | സ്ഥാപന മേധാവി |
| 4 | അഴുകാത്ത മാലിന്യങ്ങൾ ശേഖരിച്ച് വയ്ക്കാൻ പ്രത്യേകം സ്ഥലം കണ്ടെത്തുക | 2018 മെയ് 14 | സ്ഥാപന മേധാവി |
| 5 | എല്ലാ ജീവനക്കാരോടും പുന:രുപയോഗിക്കാവുന്ന പാത്രങ്ങളിൽ ആഹാരം കൊണ്ടു വരാൻ നിർദ്ദേശം നൽകി നടപ്പിലാക്കുക . | 2018 മേയ് 15 | സ്ഥാപന മേധാവി |
| 6 | ഓഫീസിൽ പ്ളാസ്റ്റിക് ക്യാരിബാഗ് നിരോധിക്കുക | 2018 മേയ് 15 | സ്ഥാപന മേധാവി |
| 7 | എല്ലാ പൊതു ചടങ്ങുകളിലും പ്രചരണങ്ങൾക്കും തുണി ബാനറുകൾ/ ബോർഡുകൾ ഉപയോഗിക്കുന്നു എന്നുറപ്പാക്കുക | 2018 മേയ് മുതൽ | സ്ഥാപന മേധാവി |
| 8 | ഓഫീസിലുണ്ടാകുന്ന ജൈവമാലിന്യങ്ങളുടെ തോതനുസരിച്ചുള്ള കമ്പോസ്റ്റിംഗ് ഉപാധികൾ സ്ഥാപിക്കുക | 2018 മേയ് 15 | സ്ഥാപന മേധാവി |
| 9 | കമ്പോസ്റ്റിംഗ് ആരംഭിക്കുക | 2018 മേയ് 15 | സ്ഥാപന മേധാവി |
| 10 | ഒരു തവണ ഉപയോഗിച്ച് വലിച്ചെറിയുന്ന വസ്തുക്കൾ ഒഴിവാക്കി സ്റ്റീൽ, പോർസലൈൻ കപ്പുകളും പ്ലേറ്റുകളും വാങ്ങുക ( ഇതിനായി ഓഫീസ് ചെലവ് ഫണ്ട് ഉപയോഗിക്കുക) | 2018 മേയ് 31 | സ്ഥാപന മേധാവി |
| 11 | നിശ്ചിത ഇടവേളകളിൽ അജൈവ പാഴ് വസ്തുക്കൾ ശേഖരിക്കാനായി തദ്ദേശ സ്ഥാപനവുമായോ /പാഴ് വസ്തു വ്യാപാരികളുമായോ, ക്ലീൻ കേരള കമ്പനിയുമായോ ധാരണയിലെത്തുക | 2018 മേയ് 31 | സ്ഥാപന മേധാവി |
| 12 | ടോയ് ലെറ്റുകൾ ആവശ്യത്തിന് വെള്ളവും വെളിച്ചവും വൃത്തിയും ഉറപ്പാക്കുക | 2018 മേയ് 31 | സ്ഥാപന മേധാവി |

153



| | | | |
|---|---|---|---|
| 13 | ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കൽ വിലയിരുത്തുന്നതിനായി സ്ഥാപനതല വിലയിരുത്തൽ | മാസത്തിൽ രണ്ട് തവണ | സ്ഥാപനതല ഗ്രീൻ പ്രോട്ടോക്കോൾ കമ്മറ്റി |
| 14 | ഗ്രീൻ പ്രോട്ടോക്കോൾ സാങ്കേതിക കമ്മിറ്റിയുടെ വിലയിരുത്തൽ | 2018 ജൂൺ 05 ന് മുമ്പ് | സ്ഥാപനതല ഗ്രീൻ പ്രോട്ടോക്കോൾ കമ്മറ്റി |
| 16 | സ്ഥാപനത്തെ ഗ്രീൻ പ്രോട്ടോക്കോൾ സ്ഥാപനമായി പ്രഖ്യാപിക്കൽ | 2018 ജൂൺ 05 | അതാത് സ്ഥാപനം |

- സംസ്ഥാനത്തെ ഗവൺമെന്റ് സെക്രട്ടറിയേറ്റ് മുതൽ താഴെ ഗ്രാമതലങ്ങൾ വരെയുള്ള എല്ലാ ഓഫീസുകളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കേണ്ടതാണ്. ഇതിനാവശ്യമായ നടപടികൾ വകുപ്പ്/ സ്ഥാപന മേധാവികൾ സ്വീകരിക്കേണ്ടതാണ്.
- തരംതിരിച്ച് ശേഖരിച്ച അജൈവ മാലിന്യം നീക്കം ചെയ്യുന്നതിനുള്ള സംവിധാനം സംബന്ധിച്ച വിവരം എല്ലാ സ്ഥാപനങ്ങൾക്കും നൽകുന്നതിനുള്ള നടപടികൾ അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സ്വീകരിക്കണം.
- സർക്കാർ സ്ഥാപനങ്ങളിലെ ശുചിമുറികൾ സ്ത്രീ/ ഭിന്ന ശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. 24 x 7 ജല ലഭ്യത ഉറപ്പാക്കുന്നതിനും അതാത് സ്ഥാപന മേധാവികൾ നടപടി സ്വീകരിക്കേണ്ടതാണ്.
- പൊതു/ സർക്കാർ സ്ഥാപനങ്ങളിലെ നോഡൽ ഓഫീസർമാർ/ഹൗസ് കീപ്പിങ്ങ്/ എസ്റ്റേറ്റ് ഓഫീസർ/ മറ്റ് ജീവനക്കാർ എന്നിവർക്ക് പരിശീലനം നൽകേണ്ടതാണ്. ഇതിനുള്ള നടപടി ശുചിത്വ മിഷനും ഹരിതകേരളം മിഷനും സ്വീകരിക്കേണ്ടതാണ്.
- 2018 ജൂൺ 5 ലോകപരിസ്ഥിതി ദിനത്തിൽ കേരളത്തിലെ സർക്കാർ ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കി സ്വയം പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ എല്ലാ വകുപ്പ് /സ്ഥാപന മേധാവികളും സ്വീകരിക്കേണ്ടതാണ്.
- മേൽ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായ ചെലവ് തുക അതാത് സ്ഥാപനങ്ങളുടെ ഓഫീസ് ചെലവുകൾ എന്ന ഘടകത്തിൽ നിന്ന് ചെലവഴിക്കേണ്ടതാണ്.

2. മേൽ വിവരിക്കപ്പെട്ട പ്രകാരം നടപടികൾ സ്വീകരിച്ച് സംസ്ഥാനത്തെ എല്ലാ തലങ്ങളിലുമുള്ള സർക്കാർ ഓഫീസുകളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിന് അതാത് തലങ്ങളിലെ ഓഫീസ് തലവന്മാർ നടപടി സ്വീകരിക്കേണ്ടതാണ്.

**പോൾ ആന്റണി ഐ.എ.എസ്**
**ചീഫ് സെക്രട്ടറി**

എക്സിക്യൂട്ടീവ് വൈസ്ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ
എല്ലാ ജില്ലാ കളക്ടർമാർക്കും ( ശുചിത്വ മിഷൻ മുഖേന )
എല്ലാ വകുപ്പ്/സ്ഥാപന മേധാവികൾക്കും ( ശുചിത്വ മിഷൻ മുഖേന )

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
പൊതുഭരണ (ഹൗസ് കീപ്പിങ്) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ്അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി എ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്

<u>ഇണ്ടാസ് നമ്പർ. ഇഎ1/149/2017/എച്ച്.ആർ.ഡി            തീയതി: 05.06.2018</u>

1. പകർപ്പ് എല്ലാ സ്ഥാപന മേധാവികൾക്കും തുടർ നടപടികൾക്കായി
2. നോഡൽ ഓഫീസർമാർ (സ്ഥാപന മേധാവി മുഖാന്തിരം)
3. അഡീഷണൽ ഡയറക്ടർ
4. ഡെപ്യൂട്ടി ഡയറക്ടർ
5. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
6. ഫിനാൻസ് ഓഫീസർ
7. ഫിനാൻഷ്യൽ കൺസൾട്ടന്റ്
8. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് ഓഫീസർ
9. സിഎ1 & 2
10. കരുതൽ ഫയൽ
11. ഓഫീസ് പകർപ്പ്

6/6

റ്റി.കെ.മാർട്ടിൻ
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
(ഡയറക്ടർക്കു വേണ്ടി)